ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

അലോപ്പതി

ഡിസ്പെൻസറി 1. ചേലക്കര.

ആശുപത്രികൾ അനുവദിച്ചിട്ടില്ല.

ആയുർവേദം. ഒരു പുതിയ ആശുപത്രി തുറക്കാനും, രണ്ടു ഡിസ്പെൻസറികൾ ആശുപത്രിയാക്കി ഉയർത്താനും 12 ഡിസ്പെൻസറികൾ പുതുതായി തുറക്കുവാനും അനുവദിച്ചിട്ടുണ്ട്.

സ്ഥലങ്ങൾ. പെരുമ്പാവൂർ—പുതിയ ആശുപത്രി.

വൈക്കം, കരുനാഗപ്പള്ളി, ഡിസ്പെൻസറികൾ ആശുപത്രികളാക്കുവാൻ.

ഡിസ്പെൻസറികൾ.

1. മാരനല്ലൂർ.
2. പുതുക്കാട്.
3. കുളമുട്ടം.
4. പുളിമാത്തു.
5. മൈനാഗപ്പള്ളി.
6. വടക്കേവിള.
7. ചേപ്പാട്.
8. കടപ്ര.
9. കല്ലേലി.
10. മാനത്തൂർ.
11. പൂമ്പുനൂർ.
12. കുന്നംകുളം.

ശുദ്ധജലം.

* 1085. [50] ശ്രീ. കെ. എസ്സ്. കൃഷ്ണൻശാസ്ത്രി : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജലദൗർല്ലഭ്യമുള്ള സ്ഥലങ്ങളിൽ ശുദ്ധജലം ലഭിക്കുവാൻ വേണ്ട സത്വരനടപടികൾ എടുക്കുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കുന്നത്തൂർ താലൂക്കിൽ, പോരുവഴി പ്രകൃതിയിൽ അമ്പലത്തുംഭാഗം, മത്തുവിലാക്കാട്ട്, പറമ്പു് മുതലായ സ്ഥലങ്ങളിൽ വേനൽക്കാലത്തു് കുടിക്കുവാൻപോലും വെള്ളം കിട്ടുന്നില്ലെന്നുള്ള വിവരം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) ഉണ്ടു്.

(ബി) ഇല്ല.

മന്ത്രരോഗനിവാരണം

* 1086. [51] ശ്രീ. പി. വി. അവിരാത്തരകൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly

(എ) അമ്പലപ്പുഴ, ചേർത്തല താലൂക്കുകളിലെ മന്ത്രരോഗനിവാരണാർത്ഥം ഗവണ്മെൻറ് ഇതുവരെ കൈക്കൊണ്ട നടപടികൾ എവ;

(ബി) ഈ നടപടികൾ മൂലം മന്ത്രരോഗം നിവാരണം ചെയ്യാൻ സാധിക്കുമെന്ന് ഗവണ്മെൻറ് കരുതുന്നുണ്ടോ;

(സി) അല്ലെങ്കിൽ അടുത്തതായി എന്തെല്ലാം നടപടികൾ എടുക്കാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നു ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം.) :

(എ) ഇൻഡ്യാഗവണ്മെൻറിൽനിന്നും നിയോഗിച്ചിട്ടുള്ള വിദഗ്ദ്ധന്മാരായ ഉദ്യോഗസ്ഥന്മാർ മന്ത്രരോഗനിവാരണാർത്ഥം ചെയ്യേണ്ടുന്ന കാര്യങ്ങളെപ്പറ്റി ഈ സ്ഥലങ്ങളിൽ താമസിച്ച് ഗവേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഡി. ഡി. റ്റി. സയൽഡ്രിൻ എന്നിവ ഉപയോഗിച്ച് മന്ത്രരോഗം എപ്രകാരം തടയാമെന്നാണ് പരീക്ഷണം നടത്തുന്നത്. കൂടാതെ ഒരു നിവാരണനടപടിയായി ആ സ്ഥലങ്ങളിലുള്ള കുളങ്ങളിൽ നിന്നും ഇപ്പോൾ മുട്ടപ്പായലുകൾ നീക്കിക്കൊണ്ടിരിക്കുന്നു.

(ബി) സാധിക്കുമെന്നാണ് വിചാരിക്കുന്നത്. നിവാരണനടപടികൾ ഗവേഷണത്തിൽ ഇരിക്കുന്നതിനാൽ ഇപ്പോൾ ഖണ്ഡിതമായി പറയുക സാദ്ധ്യമല്ല.

(സി) ഗവേഷണത്തിൻെറ ഫലം അറിഞ്ഞുകഴിഞ്ഞതിനുശേഷം വേണ്ട നടപടികളെപ്പറ്റി ആലോചിക്കുന്നതാണ്.

കനകം ബോട്ടപകടം.

* 1087 [52] ശ്രീ. സി. ജി. സദാശിവൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കനകം ബോട്ടപകടത്തെപ്പറ്റിയുള്ള അന്വേഷണകമ്മിറ്റിയെ നിയമിച്ചതു് ഏതു തീയതിയിലാണ്;

(ബി) കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) സമർപ്പിച്ചില്ലെങ്കിൽ അതു് പ്രസിദ്ധപ്പെടുത്താതിരുന്നതിന് കാരണമെന്താണ് ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. വി. വേലായുധൻ) :

(എ) 7-5-1952-ൽ.

(ബി) സമർപ്പിച്ചു.

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് 13-1-1953-ലെ ഗവണ്മെൻറ് ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

ബസ്സ്റ്റാൻഡ് ദേശവൽക്കരണം.

* 1088 [53] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ : താഴെ കാണുന്ന ചോദ്യത്തിന് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly